## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 730 30/06/2011-ൽ മറുപടിക്ക്

### മദ്രസാ നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) മദ്രസാ നവീകരണ പദ്ധതിയിൽ ലാബ്- ലൈബ്രറി സംവിധാനം ഒരുക്കുന്നതിനും അദ്ധ്യാപകർക്ക് വേതനമായും ഇപ്പോൾ നൽകിവരുന്ന ആനുകൂല്യം എത്ര രൂപ വീതമാണ് ; | എ) എസ്.പി.ക്യൂ.ഇ.എം. പദ്ധതി പ്രകാരം 2010-2011 സാമ്പത്തിക വർഷം സംസ്ഥാനത്തെ മദ്രസകൾക്ക് അനുവദിച്ച ആനുകൂല്യം ഇപ്രകാരമാണ് ; മദ്രസയിലെ ഗ്രാഡ്വേറ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 6,000 രൂപ വീതം 72,000 രൂപ വാർഷിക ശമ്പളം. (ഇത് ഒരു മദ്രസയിലെ പരമാവധി രണ്ട് അദ്ധ്യാപകർക്കായി നിജപ്പെടുത്തിയിരിക്കുന്നു). ബി.എഡ് യോഗ്യതയുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് അദ്ധ്യാപകർക്ക് മാസം 12,000 രൂപ വീതം 1.44 ലക്ഷം രൂപ വാർഷിക ശമ്പളം ( ഇത് ഒരു മദ്രസയിലെ പരമാവധി 2 അദ്ധ്യാപകർക്കായി നിജപ്പെടുത്തിയിരിക്കുന്നു). ഓരോ മദ്രസയ്ക്കും ഗ്രന്ഥശാലയിലേക്ക് പുസ്തകം വാങ്ങാൻ 50,000 രൂപ നൽകും. സയൻസ്-ഗണിത കിറ്റുകൾ വാങ്ങാൻ ഓരോ മദ്രസയ്ക്കും 15,000 രൂപ നൽകും. എച്ച്.എസ്/ഹയർ സെക്കണ്ടറി വിഭാഗം ഉള്ള മദ്രസയ്ക്ക് കമ്പ്യൂട്ടർ ലാബ്, വർക്ക്ഷോപ്പുകൾ എന്നിവ സജ്ജീകരിക്കാൻ 1,00,000 രൂപ ലഭിക്കും. അദ്ധ്യാപകർക്ക് പരിശീലനം നൽകാ 21.66 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) ഇവയ്ക്ക് പുറമേ ഈ പദ്ധതിയിൽ മദ്രസകൾക്ക് എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | ബി) ഈ പദ്ധതിയിൽ മദ്രസകൾക്ക് മറ്റാനുകൂല്യങ്ങ ഒന്നും ലഭിക്കുന്നില്ല. |

സി) മദ്രസകൾക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രത്തിൽ നിന്ന് ഇതിനകം ലഭിച്ച തുക ഇപ്പോൾ സർക്കാരിന്റെ പക്കലുണ്ടോ ; എങ്കിൽ എത്ര രൂപ ; ഇത് എത്ര മദ്രസകൾക്കായി വിതരണം ചെയ്യും ; വിശദാംശങ്ങൾ നൽകുമോ ;

സി) 2010-2011 വർഷം മദ്രസകൾക്കു വിതരണം ചെയ്യാൻ ലഭിച്ച കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡു 14,90,09,000 രൂപ സർക്കാരിന്റെ പക്കലുണ്ട്. ഇത് 547 മദ്രസകൾക്കു വിതരണം ചെയ്യാൻ വേണ്ടിയാണ്. വിശദാംശങ്ങൾ ചുവടെ;

| ക്രമ നം. | ഇനം | കേന്ദ്ര സർക്കാർ അംഗീകരിച്ച തുക | ആദ്യ ഗഡുവായി അനുവദിച്ച തുക |
|---|---|---|---|
| 1 | പ്രതിമാസം 6,000/- രൂപ വീതം 12 മാസത്തേയ്ക്ക് 730 ഗ്രാഡ്വേറ്റ് അദ്ധ്യാപകർക്കുള്ള ശമ്പളം (369 മദ്രസകൾക്ക്) | 5,25,60,000 | 2,62,80,000 |
| 2 | പ്രതിമാസം 12,000/- രൂപ വീതം 12 മാസത്തേക്ക് 714 പോസ്റ്റ് ഗ്രാഡ്വേറ്റ് ബി.എഡ്. അദ്ധ്യാപകർക്കുള്ള ശമ്പളം (355 മദ്രസകൾക്ക്) | 10,28,16,000 | 5,14,08,000 |
| 3 | 1444 അദ്ധ്യാപകർക്ക് 100 രൂപ വച്ച് 15 ദിവസത്തേക്കുള്ള ഒറ്റത്തവണ ട്രെയിനിംഗ് (547 മദ്രസകൾക്ക്) | 21,66,000 | 21,66,000 |
| 4 | 547 മദ്രസകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിലേക്കായി (ഒറ്റത്തവണ) | 2,73,50,000 | 2,73,50,000 |
| 5 | 547 മദ്രസകൾക്ക് സയൻസ്- മാത്സ് കിറ്റുകൾ വാങ്ങുന്നതിലേക്കായി 15,000/- വീതം (ഒറ്റത്തവണ) | 82,05,000 | 82,05,000 |
| 6 | 336 സെക്കണ്ടറി മദ്രസകൾക്ക് സയൻസ്, കമ്പ്യൂട്ടർ ലാബ്, വർക്ക് ഷോപ്പുകൾ ക്രമീകരിക്കുന്നതിലേക്കായി 1,00,000/- രൂപ വീതം (ഒറ്റത്തവണ) | 3,36,00,000 | 3,36,00,000 |
| ആകെ | | 22,66,97,000 | 14,90,09,000 |

| | | | |
|---|---|---|---|
| ഡി) | അപേക്ഷകൾ കേന്ദ്രത്തിന് യഥാസമയം സമർപ്പിക്കൽ, ആനുകൂല്യങ്ങൾ ലഭ്യമാക്കൽ, അവയുടെ വിതരണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെങ്കിലും സംവിധാനത്തിന് രൂപം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി) | കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ